**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ജിഷ്ണു മോഹൻ (പെൻ **867974**), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. **A5- 234/2023/**ജിമെഔ ഇടുക്കി തീയതി **09.01.2023**
2. ഉത്തരവ് നം ഇഎ2/**555/2022/**ആവഡ തീയതി **24.11.2022**
3. കാരണം കാണിക്കൽ നോട്ടീസ് **DHS/7657/2023-EA4** തീയതി **21.04.2025**
4. **DMOH-PTA/2287/2025-A4** തീയതി **22.10.2024**
5. **DMOH-PTA/2287/2025-A4** തീയതി **16.05.2025**
6. **GE03/E/J1554/223456/2025-26** തീയതി **29.12.2025**

**ഉത്തരവ് നം. DHS/7657/2023-EA4 തീയതി.21-01-2026**

ഡോ ജിഷ്ണു മോഹൻ (**Dr Jishnu Mohan PEN 867974**), **01.07.2019** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പിജി പഠനത്തിനുള്ള ശൂന്യവേതനാവധിയ്ക്കുശേഷം പരാമർശം (**2**) ലെ ഉത്തരവ് പ്രകാരം **26.11.2022** തീയതിയിൽ ഇടുക്കി കട്ടപ്പന താലൂക്ക് ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ തിരികെ സേവനത്തിൽ പ്രവേശിക്കുകയും **27.11.2022** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (**1**) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (**work and**

**conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല. ടിയാളുടെ അനധികൃതഹാജരില്ലായ്മ പരമാർശം (4) പ്രകാരം പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറും അറിയിച്ചിരുന്നു. പരാമർശം (3) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് ഡോ ജിഷ്ണു മോഹൻ (പെൻ 867974) കൈപ്പറ്റിയിട്ടും വിശദീകരണം സമർപ്പിച്ചിരുന്നില്ലെന്ന് പരാമർശം (5) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(2).ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല... ആയതിനാൽ 27.11.2022 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ജിഷ്ണു മോഹൻ (പെൻ 867974) അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ജിഷ്ണു മോഹൻ (പെൻ 867974) അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 21-01-2026 15:35:23

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Jishnu Mohan,**

**Panavelil House, Edamali, Parakkara P O,**

**Thattayi- 691525, Pathanamthitta.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

ഇടുക്കി / പത്തനംതിട്ട

3. സൂപ്രണ്ട്,

താലൂക്ക് ആശുപത്രി കട്ടപ്പന, ഇടുക്കി / റാന്നി, പത്തനംതിട്ട.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ